# GOVERNMENT MENTAL HEALTH CENTRE, KOZHIKODE

Kuthiravattom PO. Kozhikode, PIN – 673016

Phone No: 04952741386, email: gmhckkd@gmail.com

നം. എ1/1017/2024

15/04/2024.

## ദർഘാസ് /ലേല പരസ്യം

കോഴിക്കോട് ഗവ: മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ അധീനതയിലുള്ള വാർഡ് 5 ന് സമീപമുള്ള അൺ ഫിറ്റ് കെട്ടിടവും, നഴ്സിംഗ് ഹോസ്റ്റലിനു സമീപമുള്ള അൺ ഫിറ്റ് കെട്ടിടവും പൊളിച്ചുനീക്കി സൈറ്റ് ക്ലിയർ ചെയ്യുന്നതിന് മുദ്ര വെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ വെള്ളക്കടലാസിൽ മേൽവിലാസം സഹിതം പേരെഴുതി ഒപ്പിട്ട് സൂപ്രണ്ട്. സർക്കാർ മാനസികാരോഗ്യ കേന്ദ്രം കോഴിക്കോട് എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. മുദ്ര വെച്ച കവറിനു മുകളിൽ പഴയ വാർഡ് കെട്ടിടങ്ങൾ പൊളിച്ചുനീക്കി സൈറ്റ് ക്ലിയർ ചെയ്യുന്നതിനുള്ള ദർഘാസ് എന്ന രേഖപ്പെടുത്തി ഇടത് വശത്ത് താഴെ പൂർണ്ണമായ മേൽവിലാസത്തോടെ നൽകേണ്ടതാണ്. ദർഘാസ് സമർപ്പിച്ചവർക്ക് 04/05/2024 11.30 മണിയ്ക്ക് ആശുപത്രിയിൽ വെച്ച് നടക്കുന്ന ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

ദർഘാസ് നമ്പരും തീയതിയും എ1/1017/2024/ 15/04/2024

ദർഘാസ് വില്പന തുടങ്ങുന്ന തീയതി 29.04.2024 രാവിലെ 10.30 മണി മുതൽ

ദർഘാസ് വിൽപ്പന നിർത്തുന്ന തീയതി 03.5.2024 വൈകുന്നേരം 3 മണി വരെ

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി: 04.05.2024 രാവിലെ 11 മണി വരെ ദർഘാസ്

തുറക്കുന്ന തീയതി / സമയം: 04.05.2024 രാവിലെ 11.30 മണി

അടങ്കൽ തുക: 1,50,000 രൂപ

ദര്ഘാസിന്റെ വില അസ്സലിന് : 400 + GST 12%

ഡ്യൂപ്ലിക്കേറ്റിന് : 200 + GST 12%

ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ മേൽവിലാസം:

സൂപ്രണ്ട്, ഗവ: മാനസിക ആരോഗ്യ കേന്ദ്രം, കോഴിക്കോട്.

- ദർഘാസ് / ലേലത്തിൽ പങ്കെടുക്കുന്നവർ രേഖപ്പെടുത്തുന്ന നിരക്കിന്റെ 2 % നിരതദ്രവ്യം ഡി ഡിയായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. (DD in favour of Hosital Development Committee, Govt. Mental Health Centre, Kozhikode) ആയത് പ്രവർത്തി പൂർത്തീകരിച്ച ശേഷം തിരികെ നൽകുന്നതാണ്.
- പൊളിച്ചു നീക്കാൻ നിർദ്ദേശിക്കുന്ന ഭാഗത്തിൽ കൂടുതൽ പൊളിച്ച് നീക്കപ്പെടുന്ന സാഹചര്യത്തിൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
- പൊളിച്ചുനീക്കുന്ന സാഹചര്യത്തിൽ എല്ലാവിധ സുരക്ഷാ നടപടികളും സ്വീകരിച്ച് മാത്രമേ കരാറുകാരൻ പ്രവർത്തി ചെയ്യുവാൻ പാടുള്ളൂ.
- ദർഘാസ് / ലേലം സ്ഥിരപ്പെടുത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ തീരുമാനത്തിന് വിധേയമായി മാത്രമായിരിക്കും.

- ദർഘാസ്/ലേലം ഉറപ്പിച്ച് കിട്ടിയാലുടൻ ലേലത്തുകയുടെ 50 % അടക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകരിക്കുന്ന മുറയ്ക്ക് 200/ രൂപയുടെ മുദ്രപത്രത്തിൽ കരാർ വെച്ച് ബാക്കി മുഴുവൻ തുകയും ഒരുമിച്ച് അടച്ച് രസിത് വാങ്ങേണ്ടതാണ്.
- കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ ഈ ലേലത്തിനും ബാധകമായിരിക്കും.
- ദർഘാസ് സമർപ്പിക്കുന്നവർ പൊളിക്കേണ്ട കെട്ടിടങ്ങൾ അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
- ദർഘാസിൽ കെട്ടിടങ്ങൾ സ്വന്തം ചിലവിൽ പൊളിച്ചുമാറ്റേണ്ടുന്നതിനു വേണ്ട മുഴുവൻ തുകയും രേഖപ്പെടുത്തേണ്ടതാണ് പിന്നിട് രേഖപ്പെടുത്തിയ തുകയിൽ യാതൊരു വ്യതിയാനവും അനുവദിക്കുന്നതല്ല. ആയതിന് നിയമാനുസൃതമായ ജി.എസ് .ടി ഒടുക്കേണ്ടതാണ്.
- പൊളിച്ചുമാറ്റാനുള്ള ഉത്തരവ് ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ പ്രവർത്തി ആരംഭിക്കേണ്ടതും ആയത് 45 ദിവസത്തിനുള്ളിൽ പൂർണ്ണമായും പൂർത്തീകരിച്ച് നൽകേണ്ടതാണ് ടി സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്.
- പ്രവർത്തി നടത്തുന്നതുമായി ബന്ധപ്പെട്ട് കരാറുകാരന് ഉണ്ടായേക്കാവുന്ന എന്തെങ്കിലും കഷ്ടനഷ്ടങ്ങൾക്ക് സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതല്ല ആയത് കരാറുകാരൻ സ്വന്തം നിലയ്ക്ക് വകയിരുത്തേണ്ടതാകുന്നു.
- മുഴുവൻ തുക അടയ്ക്കാത്ത പക്ഷം കരാറുകാരനെ കെട്ടിടങ്ങൾ പൊളിക്കുവാൻ അനുവദിക്കുന്നതല്ല.
- വൈകി ലഭിക്കുന്ന ദർഘാസുകൾ കാരണവശാലും സ്വീകരിക്കുന്നതല്ല. സർക്കാർ വകുപ്പുകളിൽ ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. ആയതിനുള്ള അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.
- കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി സമയത്ത് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.
- സ്വീകരിക്കപ്പെടുന്ന ദർഘാസ് സമർപ്പിക്കുന്നവർ 200 രൂപയുടെ മുദ്രപത്രത്തിൽ ആശുപത്രി സൂപ്രണ്ടുമായി കരാറിലേർപ്പെടേണ്ടതാണ്.

സൂപ്രണ്ട്
Superintendent
Govt. Mental Health Centre

സ്വീകർത്താവ്:

1) ഓഫീസ് നോട്ടിസ് ബോർഡ്

പകർപ്പ് :

1) ജില്ലാമെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട്
2) സൂപ്രണ്ട് ജി ജി എച്ച് കോഴിക്കോട്/ഡബ്ള്യു & സി. കോഴിക്കോട്/ .. എം.സി.എച്ച് /ഐ) എം സി എച്ച് . കോഴിക്കോട്
3) സൂപ്രണ്ട് ഗവ. പ്രസ് തിരുവനന്തപുരം: ഡയറക്ടർ പബ്ലിക് റിലേഷൻസ് തിരുവനന്തപുരം,
4) വില്ലേജ് ഓഫീസ്, കോട്ടൂളി /കോർപ്പറേഷൻ ഓഫീസ്, കോഴിക്കോട്
5) എക്സി.എൻജിനീയർ & അസി. എക്സി എൻജിനീയർ, PWD കോഴിക്കോട്